# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്തെട്ട്

## ഭക്ഷിക്കലും മന്നയും

ഈ ദൂതിൽ നാം പൊൻകുടത്തിലെ മന്നയിലേക്കു വരുന്നു (9:4).

Tue

### ഭക്ഷിക്കുന്നത് വേദപുസ്തകത്തിലെ അടിസ്ഥാനപരമായ ഒരു വിഷയമാകുന്നു

പൊൻകുടത്തിലെ മന്ന എന്ന മറഞ്ഞിരിക്കുന്ന മന്ന എന്താണെന്നു നാം മനസ്സിലാക്കണമെങ്കിൽ, വേദപുസ്തകത്തിലെ അടിസ്ഥാനപരമായ ഒരു ആശയം, മിക്ക ക്രിസ്ത്യാനികളും ഗ്രഹിച്ചിട്ടില്ലാത്ത ഒരു ആശയം നാം മനസ്സിലാക്കണം. ദൈവം മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം ദൈവം അവനുമായി എന്തെങ്കിലും ചെയ്യുകയോ, ദൈവത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അവനോട് ആജ്ഞാപിക്കുകയോ ചെയ്തില്ല. ഉല്പത്തി 1-ഉം 2-ഉം അനുസരിച്ച് ദൈവസാന്നിധ്യത്തിൽ ജീവിക്കുന്നതിനായുള്ള അടിസ്ഥാന ആവശ്യകത ശരിയായി ഭക്ഷിക്കുന്നതാണ്. ദൈവത്തിന്റെ സാന്നിധ്യത്തിൽ ഏറ്റവും പ്രാധാന്യമുള്ളത് നാം എന്തു ഭക്ഷിക്കുന്നു, എങ്ങനെ ഭക്ഷിക്കുന്നു എന്നതാണ്. ഇക്കാരണത്താൽ, വേദപുസ്തകത്തിൽ, ഭക്ഷിക്കുന്നത് ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ സംബന്ധിച്ച ഒരു അടിസ്ഥാന ആശയമാണ്. മനുഷ്യൻ ഉൾപ്പെടെ സകലത്തെയും ദൈവം സൃഷ്ടിച്ചു. ആകാശവും, ഭൂമിയും, കോടിക്കണക്കിന് മറ്റുകാര്യങ്ങളും ദൈവത്തിന് ഉണ്ടാക്കുവാൻ കഴിയുമെങ്കിൽ അവന് ചെയ്യാൻ കഴിയാത്തതായി എന്തുണ്ട്? അവന് സകലവും അനായാസം ചെയ്യുവാൻ കഴിയും. വാസ്തവത്തിൽ അവൻ ഒന്നും ചെയ്യേണ്ട ആവശ്യം തന്നെയില്ല, കാരണം അവൻ സംസാരിക്കുമ്പോൾ അവൻ ആഗ്രഹിക്കുന്നത് നിലവിൽ വരുന്നു. എന്നിരുന്നാലും, ദൈവത്തിനു കഴിയാത്ത ഒരു കാര്യമുണ്ട്—നമുക്കുവേണ്ടി ഭക്ഷിക്കുവാൻ അവനു കഴിയുകയില്ല. ഒരു അമ്മ അവളുടെ മക്കൾക്കുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്യുമെങ്കിലും, അവർക്കുവേണ്ടി ഭക്ഷിക്കുവാൻ അവൾക്കു കഴിയുകയില്ല.

മക്കൾതന്നെ അവർക്കുവേണ്ടി ഭക്ഷിക്കണം. ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ സംബന്ധിച്ചിടത്തോളം, അടിസ്ഥാനപരമായ കാര്യം ശരിയായി ഭക്ഷിക്കുന്നതാണ്.

## ജീവസഹായത്തിനുവേണ്ടിയും വീണ്ടെടുപ്പിനുംവേണ്ടിയും ഭക്ഷിക്കുന്നു

ഉല്പത്തി 2-ൽ മനുഷ്യൻ ഭക്ഷിക്കുന്നത് ജീവവൃക്ഷത്തെ സംബന്ധിച്ച കാര്യമായിരുന്നു. മനുഷ്യൻ വീണുപോയതിനുശേഷം, അവനെ വീണ്ടെടുക്കുവാൻ ദൈവം കടന്നുവന്നു. എന്നാൽ പുറപ്പാട് 12-ൽ ദൈവം വീണ്ടെടുപ്പ് കൊണ്ടുവന്നപ്പോൾ, ജീവവൃക്ഷം എന്ന ഒരു കാര്യത്തെക്കാൾ കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഭക്ഷിക്കലിനു മാറ്റം വരുത്തി. ഭക്ഷിക്കുന്നത് കേവലം ജീവസഹായം ലഭിക്കുന്ന ഒരു കാര്യം മാത്രമായിരുന്നില്ല; അത് വീണ്ടെടുപ്പിനോടും ബന്ധപ്പെട്ടിരുന്നു. പുറപ്പാട് 12-ൽ ഒരു കുഞ്ഞാടിനെ ഭക്ഷിക്കുവാൻ യിസ്രായേൽമക്കൾക്ക് നിർദ്ദേശം ലഭിച്ചു. ജീവവൃക്ഷം സസ്യജീവനും, കുഞ്ഞാട് ജന്തു ജീവനുമാണ്. ഒരു വൃക്ഷത്തിന് രക്തമില്ലെങ്കിലും ഒരു കുഞ്ഞാടിന് രക്തമുണ്ട്. വേദപുസ്തകത്തിൽ, രക്തം വീണ്ടെടുപ്പിനു വേണ്ടിയാണ്. പുറപ്പാടിന്റെ സമയത്ത് യിസ്രായേൽമക്കൾ വീണ്ടെടുക്കപ്പെടേണ്ടതിന് രക്തത്തെ അടിക്കുകയും, ജീവസഹായം ഉണ്ടായിരിക്കേണ്ടതിന് കുഞ്ഞാടിനെ ഭക്ഷിക്കുകയും ചെയ്തു. ഒന്നാത്തെ ഘട്ടത്തിൽ ഭക്ഷിക്കുന്നത് മനുഷ്യന്റെ ജീവസഹായത്തിനുവേണ്ടി മാത്രമായിരുന്നു, എന്നാൽ രണ്ടാമത്തെ ഘട്ടത്തിൽ ഭക്ഷിക്കുന്നത് വീണ്ടെടുപ്പിനും ജീവസഹായത്തിനും വേണ്ടിയായിരുന്നു.

## കർത്താവിന്റെ മാംസം ഭക്ഷിക്കുന്നതും അവന്റെ രക്തം കുടിക്കുന്നതും

മരുഭൂമിയിലായിരുന്ന വർഷങ്ങളിൽ യിസ്രായേൽമക്കൾ മന്ന തിന്നു. മന്നയിൽ നിശ്ചയമായും രക്തം ഇല്ലാതിരുന്നതിനാൽ, മന്ന തിന്നുന്നത് വീണ്ടെടുപ്പിനോട് ബന്ധപ്പെട്ടിരുന്നില്ല; അത് മൊത്തമായും ജീവസഹായത്തിനു വേണ്ടിയായിരുന്നു. നാല്പതു വർഷം മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞ യിസ്രായേൽമക്കൾക്ക് എങ്ങനെ ജീവിക്കുവാനും നീങ്ങുവാനും കഴിഞ്ഞു? അവർ ഓരോ ദിവസവും തിന്ന മന്നയുടെ സഹായത്താൽ അവർ ജീവിക്കുകയും നീങ്ങുകയും ചെയ്തു. യോഹന്നാന്റെ സുവിശേഷം ആറാം അധ്യായത്തിൽ കർത്താവായ യേശു പറഞ്ഞു, "ഞാൻ ജീവന്റെ അപ്പമാകുന്നു" (വാ. 35). ഇത് യെഹൂദന്മാരെ വിഷമത്തിലാക്കി. പിന്നീട് കർത്താവു പറഞ്ഞു, "മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം പാനം ചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്കു ജീവൻ ഇല്ല" (വാ. 53). ഈ

അധ്യായത്തിൽ കർത്താവ് ആദ്യം പറഞ്ഞത് അവൻ ജീവന്റെ അപ്പമാകുന്നു എന്നാണ്. പിന്നീട് അവൻ പറഞ്ഞത് നാം അവന്റെ രക്തം കുടിക്കണമെന്നാണ്. അപ്പത്തിൽ എങ്ങനെയാണ് രക്തമുണ്ടായിരിക്കുവാൻ കഴിയുന്നത്? ഈ അപ്പം സസ്യ ജീവന്റെ അപ്പം മാത്രമല്ല, കുഞ്ഞാടിന്റെ മാംസവും ആണ്. യോഹന്നാൻ 6:51-ൽ കർത്താവു പറഞ്ഞു, "ഞാൻ നൽകുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി നൽകിയിരിക്കുന്ന എന്റെ മാംസമാകുന്നു." അപ്പം സസ്യജീവനിൽ നിന്നാണ്, അത് ഭക്ഷിക്കുവാൻ മാത്രമുള്ളതാണ്; മാംസം ജന്തുജീവനിൽ നിന്നാണ്, അത് ഭക്ഷിക്കുവാൻ മാത്രമല്ല, വീണ്ടെടുക്കുന്നതിനു വേണ്ടിയുള്ളതും ആണ്. മനുഷ്യന്റെ വീഴ്ചയ്ക്കുമുമ്പ് കർത്താവ് മനുഷ്യൻ ഭക്ഷിക്കുവാൻ വേണ്ടി മാത്രമുള്ള ജീവവൃക്ഷമായിരുന്നു (ഉല്പ. 2:9). മനുഷ്യൻ പാപത്തിലേക്കു വീണതിനുശേഷം മനുഷ്യൻ ഭക്ഷിക്കുന്നതിനു വേണ്ടി മാത്രമല്ല, അവനെ വീണ്ടെടുക്കുന്നതിനും വേണ്ടി കർത്താവ് മാംസമായിത്തീർന്നു (യോഹ. 1:29; പുറ. 12:4, 7-8).

## ഭക്ഷിക്കുന്നത് തുടരുവാനുള്ള ആവശ്യം

മനുഷ്യന്റെ സൃഷ്ടിപ്പിനുശേഷവും മനുഷ്യനെ ദൈവം വീണ്ടെടുത്തതിനുശേഷവും, നാം ദൈവസന്നിധിയിലായിരിക്കുന്നതിനെ സംബന്ധിച്ച അടിസ്ഥാന ആശയം ഭക്ഷിക്കുന്ന ഈ വിഷയമാണെന്ന് ഞാൻ വീണ്ടും പറയുവാൻ ആഗ്രഹിക്കുന്നു. അതിനാൽ, നമ്മുടെ മുഴുവൻ ശ്രദ്ധയും നാം ഇതിനുവേണ്ടി ഉഴിഞ്ഞുവയ്ക്കണം. നിരവധി കാര്യങ്ങൾ പഠിക്കുവാൻ ശ്രമിക്കരുത്—കർത്താവിന്റെ സന്നിധിയിൽ നന്നായി ഭക്ഷിക്കുന്നത് തുടരുക മാത്രം ചെയ്യുക. ആത്മാവിൽ ഭക്ഷിക്കുന്നതിനെക്കുറിച്ച് ഞാൻ എന്തെങ്കിലും അറിയുന്നതിനുമുമ്പ് മുപ്പതിലധികം വർഷം ഞാൻ ഒരു ക്രിസ്ത്യാനിയായിരുന്നു. ഇതിനെക്കുറിച്ച് എന്നെ ഒരിക്കലും പഠിപ്പിച്ചിരുന്നില്ല. സഭയിലേക്കു വരുന്നതിനുമുമ്പ് യേശുവിനെ നമുക്ക് ഭക്ഷിക്കുവാൻ കഴിയുമെന്ന് നമ്മോട് ആരും പറഞ്ഞിരുന്നില്ലെന്ന് നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. എന്നാൽ തുടക്കം മുതൽ ഒടുക്കം വരെ വേദപുസ്തകം ഭക്ഷിക്കുന്ന കാര്യത്തെക്കുറിച്ചു പറയുന്നു. വേദപുസ്തകം തുടങ്ങുന്നതും അവസാനിക്കുന്നതും ജീവവൃക്ഷം ഭക്ഷിക്കുന്നതിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് (വെളി. 2:7; 22:1-2, 14).

## ഭക്ഷിക്കുന്നതിനെ സംബന്ധിച്ച് എബ്രായലേഖനത്തിൽ

ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ എബ്രായലേഖനം മുഴുവനും തന്റെ രാജകീയവും ദിവ്യവുമായ പൗരോഹിത്യത്തോടുകൂടെയുള്ള സ്വർഗീയ ശുശ്രൂഷകനായ ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു. നമ്മുടെ സ്വർഗീയ ശുശ്രൂഷകനെന്ന നിലയിൽ,

അവന്റെ മുഖ്യമായ ഉത്തരവാദിത്വം നമ്മുടെ സഹായമായി ത്രിയേകദൈവത്തെ നമ്മിലേക്കു ശുശ്രൂഷിക്കുക എന്നതാണ്. ഇപ്പോൾ അവൻ ഇങ്ങനെയുള്ള അത്ഭുതകരമായ ഒരു സഹായം ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നത്, പ്രാകാരത്തിലല്ല അതിവിശുദ്ധസ്ഥലത്താണ്, ക്രൂശിലല്ല കൃപാസനത്തിലാണ്. എബ്രായലേഖനം നമ്മെ അതിവിശുദ്ധസ്ഥലത്തേക്കും, കൃപാസനത്തിലേക്കും, ദൈവത്തിലേക്കും മുന്നോട്ടുവരാൻ വിളിക്കുന്നു എന്നു നാം കണ്ടു. അതിവിശുദ്ധസ്ഥലത്തിൽ വീണ്ടെടുപ്പിനുവേണ്ടി ക്രൂശിനുചുറ്റും നമ്മെ കൂട്ടിവരുത്തിയതല്ല; ജീവസഹായത്തിനു വേണ്ടി കൃപാസനത്തിനു ചുറ്റുമാണ് നാം കൂടിവന്നിരിക്കുന്നത്. ഇവിടെ നമ്മുടെ ജീവസഹായമായി നമുക്ക് അപ്പവും വീഞ്ഞും ശുശ്രൂഷിക്കുന്ന നമ്മുടെ മൽക്കീസേദെക്കായ ക്രിസ്തുവിനെ നാം ആസ്വദിക്കുന്നു. ഇതും തികച്ചും ഭക്ഷിക്കുന്നതിനെ സംബന്ധിച്ച ഒരു കാര്യമാണ്. ഇക്കാരണത്താൽ, ഈ പുസ്തകം നമ്മെ പ്രാകാരത്തിൽനിന്നും ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന സാക്ഷ്യപെട്ടകം എന്ന നിസ്തുലമായ ഒരു വസ്തു ഇരിക്കുന്നിടമായ അതിവിശുദ്ധസ്ഥലത്തേക്ക് കൊണ്ടുവരുന്നു. അതിവിശുദ്ധസ്ഥലത്ത് സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു അല്ലാതെ മറ്റൊന്നുമില്ല. പുറമെയുള്ള കാഴ്ചപ്രകാരം അവൻ സാക്ഷ്യപെട്ടകം എന്ന ഒരു വസ്തു മാത്രമാണ്. എന്നാൽ പെട്ടകമായി നാം അവനെ അനുഭവമാക്കുമ്പോൾ നാം നിസ്തുലമായ ഒരു വസ്തുവിനെ മാത്രമല്ല കാണുന്നത്; നാം മൂന്നു കാര്യങ്ങൾ കാണുന്നു—മന്ന ഇട്ടുവച്ചിരിക്കുന്ന പൊൻകുടവും, തളിർക്കുന്ന വടിയും, ജീവപ്രമാണവും.

ഈ മൂന്നു കാര്യങ്ങൾ അന്തഃസത്തയ്ക്കുള്ളിലെ അന്തഃസത്തയാണ്. കൂടാരത്തിനുള്ളിൽ പ്രവേശിച്ചുകഴിഞ്ഞാൽ, സകലവും ഏറെക്കുറെ പുറമെയുള്ള വിശുദ്ധസ്ഥലത്തിൽ നാം എത്തുന്നു. രണ്ടാമത്തെ തിരശ്ശീല കടന്നതിനുശേഷം അതിവിശുദ്ധസ്ഥലം എന്നു വിളിക്കുന്ന കൂടാരത്തിലെ അകത്തെ അറയിലേക്കു നാം പ്രവേശിക്കുന്നു. അതിവിശുദ്ധസ്ഥലത്ത് നാം വന്നുകഴിഞ്ഞാൽ നാം കൂടാരത്തിന്റെ ഹൃദയത്തിൽ, അന്തഃസത്തയിൽ ആണ്. എന്നാൽ അതിവിശുദ്ധസ്ഥലത്തിനുള്ളിൽ നമുക്ക് സാക്ഷ്യപെട്ടകവും, പെട്ടകത്തിനുള്ളിൽ നമുക്ക് മന്ന ഇട്ടുവച്ചിരിക്കുന്ന പൊൻകുടവും, തളിർക്കുന്ന വടിയും, ജീവപ്രമാണവും ഉണ്ട്. ഈ വസ്തുക്കളെല്ലാം അതിവിശുദ്ധസ്ഥലത്തിലെ പെട്ടകത്തിലായതുകൊണ്ട് അവ അന്തഃസത്തയ്ക്കുള്ളിലെ അന്തഃസത്തകളാണെന്നു നമുക്കു പറയാം.

ഇവയിലെ ഒന്നാമത്തെ വസ്തുവായ മന്ന ഇട്ടുവച്ചിരിക്കുന്ന പൊൻകുടത്തെ നാം തൊടുമ്പോൾ നാം ഇനിയും ആഴത്തിൽ എന്തോ കണ്ടെത്തുന്നു. കൂടാരമെന്ന പാളി, അതിവിശുദ്ധസ്ഥമെന്ന പാളി, സാക്ഷ്യപെട്ടകമെന്ന പാളി, പൊൻകുടമെന്ന പാളി, എന്നിങ്ങനെ നാലു പാളികളിലൂടെ കടന്നുപോയശേഷം

നാം മന്നയിലേക്കു വരുന്നു. നാം ഇതിനെ തൊടുമ്പോൾ നാം വാസ്തവമായി ഭവനത്തിൽ വന്നിരിക്കുന്നു. നാം അതിവിശുദ്ധ സ്ഥലത്തു മാത്രം വരുകയും, എന്നാൽ പൊൻകുടത്തിലെ മന്ന ഭക്ഷിക്കാതെയും ഇരിക്കുന്നുവെങ്കിൽ, നാം ഭവനത്തിൽ വന്നിട്ടില്ല. നാം സാക്ഷ്യപെട്ടകത്തെ സ്പർശിച്ചാൽപോലും, നാം അപ്പോഴും ഭവനത്തിൽ എത്തിയിട്ടില്ല. കൂടാരം അതിവിശുദ്ധസ്ഥലത്തിനുവേണ്ടിയും, അതിവിശുദ്ധസ്ഥലം പെട്ടകത്തിനുവേണ്ടിയും, പെട്ടകം പൊൻകുടത്തിനുവേണ്ടിയും, പൊൻകുടം മറഞ്ഞിരിക്കുന്ന മന്നയ്ക്കുവേണ്ടിയും ആണ്. വെളിപ്പാട് 2:17-ൽ കർത്താവായ യേശു പറഞ്ഞു, "ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും." എവിടെയാണ് ഈ മറഞ്ഞിരിക്കുന്ന മന്ന? അത് അതിവിശുദ്ധസ്ഥലത്തിലെ പെട്ടകത്തിലെ പൊൻകുടത്തിലാണ്. മുഖ്യമായ ഏക അന്തഃസത്ത, എല്ലാ അന്തഃസത്തകളിലുംവച്ച് ജീവനുള്ള അന്തഃസത്ത, മറഞ്ഞിരിക്കുന്ന മന്നയാണ്. തന്റെ ജയാളികൾ മറഞ്ഞിരിക്കുന്ന ഈ മന്ന ഭക്ഷിക്കുമെന്ന് കർത്താവായ യേശു വാഗ്ദത്തം ചെയ്തു.

Wed

## മന്നയുടെ അർഥം

മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നതെങ്ങനെയെന്ന് നാം പഠിക്കുന്നതിനുമുമ്പ് മന്ന എന്താണെന്ന് ആദ്യം നാം അറിഞ്ഞിരിക്കണം. മന്ന എന്ന വാക്കിന്റെ അർഥം, "ഇതെന്താകുന്നു?" (പുറ. 16:15) എന്നാണ്. മരുഭൂമിയിൽവച്ച് യിസ്രായേൽമക്കൾ ഭക്ഷിച്ച മന്ന അവർക്കറിയാമായിരുന്ന മറ്റ് ആഹാരങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നു, അത് ഭൂമിയിലുള്ള ഏതൊരു ഭക്ഷണപദാർഥത്തെയും പോലെയല്ലായിരുന്നു. അത് ഗോതമ്പോ, ചോളമേ, യവമോ അല്ലായിരുന്നു. ജനം അതിനെ കണ്ടപ്പോൾ അവർ ചോദിച്ചു, "ഇതെന്താകുന്നു?" സംഖ്യ. 11-ൽ മന്നയും യിസ്രായേൽമക്കൾക്ക് സുപരിചിതമായിരുന്ന ആഹാരങ്ങളും തമ്മിലുള്ള ഒരു താരതമ്യം നാം കാണുന്നു. സംഖ്യ. 11:5-6 പറയുന്നു, "ഞങ്ങൾ മിസ്രയീമിൽവച്ച് വിലകൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്ക, മത്തങ്ങ, ഉള്ളി, ചുവന്നുള്ളി, വെളുത്തുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഞങ്ങളുടെ കണ്ണിൻമുമ്പിൽ ഈ മന്നയല്ലാതെ മറ്റൊന്നുമില്ല." ഇവിടെ ഉള്ളിയും, ചുവന്നുള്ളിയും, വെളുത്തുള്ളിയും നാം കാണുന്നു. ഇവ എന്താണെന്ന് യിസ്രായേൽമക്കൾ അറിഞ്ഞിരുന്നുവെങ്കിലും, മന്ന എന്താണെന്ന് അവർ അറിഞ്ഞിരുന്നില്ല. നിറത്തിലും, ആകൃതിയിലും, കാഴ്ചയിലും, രുചിയിലും, മറ്റെല്ലാ വശത്തും അത് അവർ ഇതിനുമുമ്പ് കണ്ടിട്ടുള്ളതിൽനിന്ന് തികച്ചും വ്യത്യാസമുള്ളതായിരുന്നു. "ഇതെന്താകുന്നു?" എന്നു ചോദിക്കുവാൻ മാത്രമേ അവർക്കു കഴിഞ്ഞുള്ളൂ. "ഇതെന്താകുന്നു? ഇത് മത്സ്യവുമല്ല, ഉള്ളിയുമല്ല, വെളുത്തുള്ളിയുമല്ല. ഇത് മൃഗമോ സസ്യമോ ആണോ?

ഇവയൊന്നുമല്ലെന്നു തോന്നുന്നു" എന്ന് അവർ പറഞ്ഞിരിക്കാം. മന്ന എന്താണെന്ന് ഒരു മനുഷ്യഭാഷയ്ക്കും വിശദീകരിക്കുവാൻ കഴിയുകയില്ല. മന്ന കേവലം മന്നയാണ്. മന്ന "ഇതെന്താകുന്നു?" ആണ്. ചുവന്നുള്ളി എന്താണെന്ന് എല്ലാവർക്കും അറിയാം, എന്നാൽ മന്നയെക്കുറിച്ചു സംസാരിക്കുമ്പോൾ, "ഇതെന്താകുന്നു?" എന്നു ചോദിക്കുവാൻ മാത്രമേ അവർക്കു കഴിയുകയുള്ളൂ. മന്ന കേവലം "ഇതെന്താകുന്നു?" ആണ്.

മന്ന ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്. ക്രിസ്തു എന്താണ്? ക്രിസ്തു "ഇതെന്താകുന്നു" ആണ്. അവൻ അസാധാരണനാണ്. മറ്റൊന്നുമായും തുലനം ചെയ്യാൻ കഴിയാതവണ്ണം അവൻ വളരെയേറെ സവിശേഷതയുള്ളവനാണ്.

## മന്നയുടെ വിവിധ വശങ്ങൾ

### മഞ്ഞോടുകൂടെ വരുന്നു

ഇനി നമുക്ക് പഴയനിയമത്തിലുള്ള മന്നയുടെ വിവിധ വശങ്ങളെക്കുറിച്ച് പരിഗണിക്കാം. സംഖ്യ. 11:9 പറയുന്നു, "രാത്രി പാളയത്തിൽ മഞ്ഞു പൊഴിയുമ്പോൾ മന്നയും പൊഴിയും." മന്ന എപ്പോഴും അതിരാവിലെ മഞ്ഞോടുകൂടെ വരുന്നു. മഞ്ഞ് എന്തിനെയാണ് സൂചിപ്പിക്കുന്നത്? സങ്കീർത്തനം 133:3 പറയുന്നു, "ഹെർമ്മോന്യ മഞ്ഞുപോലെയും, സീയോൻ പർവതത്തിൽ പെയ്യുന്ന മഞ്ഞുപോലെയും ആകുന്നു." വേദപുസ്തകത്തിൽ, സ്വർഗത്തിൽ നിന്നുള്ള ദൈവത്തിന്റെ കൃപയുടെ സന്ദർശനത്തെയാണ് മഞ്ഞ് സൂചിപ്പിക്കുന്നത്. നമ്മെ സന്ദർശിക്കുവാൻ സ്വർഗത്തിൽനിന്ന് ദൈവം കൃപയായി വരുമ്പോൾ, അവൻ വിലയേറിയതും നനയ്ക്കുന്നതുമായ മഞ്ഞുപോലെയാണ്. മന്ന എപ്പോഴും മഞ്ഞോടുകൂടെ വരുന്നു എന്നത്, ഇന്ന് നമ്മുടെ മന്നയായ ക്രിസ്തു എപ്പോഴും കൃപയോടുകൂടെ, സ്വർഗങ്ങളിൽനിന്ന് ദൈവത്തിന്റെ കൃപയുടെ സന്ദർശനത്തോടുകൂടെ വരുന്നു എന്ന് സൂചിപ്പിക്കുന്നു. ക്രിസ്തുവിനെ നമ്മുടെ ജീവസഹായമായി നാം സ്പർശിക്കുമ്പോഴെല്ലാം സ്വർഗം നമ്മിലേക്ക് മൃദുലവും നനയ്ക്കുന്നതുമായ രീതിയിൽ വരുന്നതിന്റെ ആഴമായ അനുഭൂതി നമുക്കുണ്ടാകുന്നു. ഈ നനയ്ക്കൽ വളരെ ആനുപാതികമാണ്, അത് നമ്മെ അസഹ്യപ്പെടുത്താതെ, നിശ്ചയമായും നമുക്ക് ഉന്മേഷം പകരുന്നു. നമ്മുടെ മന്നയായി നാം ക്രിസ്തുവിനെ സ്പർശിക്കുന്നത് ആസ്വദിക്കുമ്പോൾ, നമ്മെ സന്ദർശിക്കുവാനും, നനയ്ക്കുവാനും, ഉന്മേഷം പകരുവാനും സ്വർഗം ഇറങ്ങിവന്നിരിക്കുന്നുവെന്ന അനുഭൂതി നമുക്കുണ്ട്.

### ചെറുത്

"ചെതുമ്പലിന്റെ മാതിരിയിൽ വട്ടത്തിലുള്ള നേരിയ ഒരു വസ്തു

ഉറച്ച മഞ്ഞുപോലെ നിലത്തു കിടക്കുന്നത് കണ്ടു" എന്ന് മന്നയെക്കുറിച്ച് പുറപ്പാട് 16:14 വിവരിക്കുന്നു. ക്രിസ്തുവിന്റെ മഹനീയതയ്ക്കായി അവനെ സ്തുതിക്കുന്ന ചില ഗീതങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും, അവന്റെ എളിമയ്ക്കായും നാം അവനെ സ്തുതിക്കണം. മന്ന ചെറുതായിരുന്നു; എങ്കിലും വേദപുസ്തകം അതിന്റെ അളവുകൾ നമുക്കു നല്കുന്നില്ല. മന്ന ചെറുതാണെങ്കിലും, അത് അളക്കാനാകാത്തതാണ്; അത് എത്ര ചെറുതാണെന്ന് നമുക്കു പറയുവാൻ കഴിയുകയില്ല. ക്രിസ്തുവിന്റെ അളവ് നമുക്കു പറയുവാൻ കഴിയില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. നമ്മുടെ ക്രിസ്തു അളവില്ലാത്തവനാണ്. ഒന്നും അവനെക്കാൾ ചെറുതല്ല, ഒന്നും അവനെക്കാൾ വലുതുമല്ല. അവനാണ് ഏറ്റവും ചെറുതും, ഏറ്റവും വലുതും. യാതൊന്നിനും അവനെ കവിയുവാൻ കഴിയുകയില്ല. ആർക്ക് ക്രിസ്തുവിന്റെ വലിപ്പത്തെയോ ലഘുത്വത്തെയോ അളക്കുവാൻ കഴിയും?

## വട്ടത്തിൽ

മന്ന വട്ടത്തിലുള്ളതാണെന്നും നമ്മോടു പറഞ്ഞിരിക്കുന്നു (പുറ. 16:14). മുൻകുറിശാസ്ത്രത്തിൽ ഇതു സൂചിപ്പിക്കുന്നത് ആരംഭമോ അവസാനമോ ഇല്ലാതെ മന്ന നിത്യമാകുന്നു എന്നാണ്. യാതൊരു പരിധിയുമില്ലാതെ നിത്യപോഷണത്തിനായി നിത്യസ്വഭാവത്തോടു കൂടെയുള്ള നിത്യ ആഹാരമാണ് ക്രിസ്തു. അവനെ ഭക്ഷിക്കുന്നവന് നിത്യസ്വഭാവത്തോടുകൂടിയ നിത്യജീവൻ ഉണ്ടായിരിക്കുകയും നിത്യപോഷണം സ്വീകരിക്കുകയും ചെയ്യും.

## മഞ്ഞുപോലെ

മന്ന മഞ്ഞു പോലെയായിരുന്നു (പുറ. 16:14), അത് കുളിരിനും മഞ്ഞുകട്ടയ്ക്കും ഇടയിലുള്ള ഒന്നാണ്. കുളിര് ഉന്മേഷം വരുത്തുന്നതാണ്, എന്നാൽ മഞ്ഞുപോലെ ഉന്മേഷം വരുത്തുന്നില്ല. കുളിര് ഉന്മേഷം വരുത്തുന്നുവെങ്കിലും, അത് കീടങ്ങളെ കൊല്ലുന്നില്ല. മഞ്ഞ് കീടങ്ങളെ കൊല്ലുന്നു. മന്ന എന്ന നിലയിൽ, ക്രിസ്തു നമുക്ക് ഉന്മേഷം വരുത്തുക മാത്രമല്ല; അവൻ നമ്മുടെ ഉള്ളിലുള്ള സകല പ്രതിലോമ കാര്യങ്ങളെയും കൊല്ലുന്നു. അവൻ കുളിരോടുകൂടെ, മഞ്ഞായി വരുന്നു. ക്രിസ്തുവിനെ സഹായമായി നാം അനുഭവിക്കുമ്പോഴെല്ലാം, നമ്മെ സന്ദർശിക്കുവാനും നനയ്ക്കുവാനും സ്വർഗം ഇറങ്ങിവന്നിരിക്കുന്നു എന്ന അനുഭൂതി നമുക്കുണ്ടാകുന്നു. നാം നനയ്ക്കപ്പെട്ട് ഉന്മേഷം പ്രാപിക്കുമ്പോൾ തന്നെ, നമ്മുടെ പ്രതിലോമപരമായ മനോഭാവങ്ങൾപോലയുള്ള നമ്മുടെ ഉള്ളിലെ പ്രതിലോമ കാര്യങ്ങൾ കൊല്ലപ്പെട്ടുവെന്ന അനുഭൂതി നമുക്കുണ്ടാകുന്നു. ഈ മഞ്ഞിന്റെ ഉന്മേഷംവരുത്തലും കൊല്ലലും ഞാൻ ഇഷ്ടപ്പെടുന്നു. രണ്ടു സഹോദരന്മാർ പരസ്പരം

അസ്വസ്ഥരാണെങ്കിൽ, അത് അർഥമാക്കുന്നത് അവർക്ക് മഞ്ഞിന്റെ കൊല്ലൽ ആവശ്യമാകുന്നു എന്നാണ്.

മഞ്ഞ് നമ്മിലുള്ള പ്രതിലോമ കാര്യങ്ങളെ കൊല്ലുക മാത്രമല്ല, അതു നമ്മെ തണുപ്പിക്കുകയും ചെയ്യുന്നു. യുവാക്കൾ കർത്താവിനെ സ്നേഹിക്കുന്നുവെങ്കിലും ചിലപ്പോൾ അവർ കായിക മത്സരങ്ങൾക്കുവേണ്ടി "ചൂടുള്ളവരാണ്". ഒരു ഫുട്ബോൾ മത്സരം കാണാൻ പോകുന്നതിന് അവർക്ക് സമയമില്ലെങ്കിൽ, ടെലിവിഷനിലെങ്കിലും അത് കാണുവാൻ അവർ ശ്രമിക്കും. കായിക മത്സരങ്ങൾക്കുവേണ്ടി അവർ "ചൂടുള്ളവരായിരിക്കുമ്പോൾ" അവർ ക്രിസ്തുവിനെ സ്പർശിക്കുന്ന സമയത്ത് "മഞ്ഞ്" അവരെ തണുപ്പിക്കും. മറ്റു സഹോദരന്മാരും സഹോദരിമാരും സംസാരിക്കുവാൻ, അനേകം കാര്യങ്ങളെക്കുറിച്ച് വ്യർഥമായി സംസാരിക്കുവാൻ, ഇഷ്ടപ്പെടുന്നു. ഇങ്ങനെ സംസാരിക്കുമ്പോൾ നാം "ചൂടുള്ളവരാണ്." എന്നാൽ നാം ക്രിസ്തുവിനെ സ്പർശിക്കുമ്പോൾ "മഞ്ഞ്" നമ്മെ തണുപ്പിക്കുന്നു. പ്രായമുള്ള സഹോദരന്മാരും സഹോദരിമാരും "മഞ്ഞിനാൽ" തണുപ്പിക്കപ്പെടേണ്ട ആവശ്യമുണ്ട്. പ്രായമുള്ള സഹോദരിമാർ അവരുടെ ഭർത്താക്കന്മാരെ സ്നേഹിക്കുന്നെങ്കിലും, തുറന്ന് സംസാരിക്കുവാൻ നാം ഭർത്താക്കന്മാരോട് ആവശ്യപ്പെട്ടാൽ അവരുടെ ഭാര്യമാരുടെ അസഹ്യപ്പെടുത്തൽ സഹിക്കുവാൻ കഴിയുകയില്ലെന്ന് അവർ പറയും. പ്രായമുള്ള സഹോദരിമാർക്ക് ജോലിയിൽനിന്ന് വിരമിച്ച അവരുടെ ഭർത്താക്കന്മാരുടെ അസഹ്യപ്പെടുത്തലും സഹിക്കുവാൻ കഴിയുകയില്ല. ജോലിയിൽനിന്ന് വിരമിച്ച നിരവധി സഹോദരന്മാർക്ക് എല്ലാ ദിവസവും അവരുടെ ഭാര്യമാരെ അസഹ്യപ്പെടുത്തുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല. പ്രായമായവർക്കും തണുപ്പിക്കപ്പെടേണ്ട ആവശ്യമുണ്ടെന്ന് ഇതിലൂടെ നാം കാണുന്നു. പ്രായം കൂടുന്തോറും നാം കൂടുതൽ അസഹ്യപ്പെടുത്തുന്നവർ ആകുന്നു. ഇക്കാരണത്താൽ, നമ്മുടെ ചൂടുള്ള സംയമത്തെ തണുപ്പിക്കുവാൻ നമുക്കെല്ലാവർക്കും "മഞ്ഞ്" ആവശ്യമാണ്. ഒരർഥത്തിൽ, ഈ "മഞ്ഞ്" നമ്മുടെ ആത്മിക ഫ്രിഡ്ജാണ്, നമ്മെ പോഷിപ്പിക്കുന്ന നമ്മുടെ ഉള്ളിലുള്ള ക്രിസ്തു നമ്മെ ഉറഞ്ഞു കട്ടിയാക്കുന്ന മഞ്ഞുമാണ്.

## വെളുത്തത്

മരുഭൂമിയിലുള്ള മന്ന വെളുത്തതായിരുന്നു (പുറ. 16:31). അത് വെടിപ്പുള്ളതും നിർമലവുമായിരുന്നെന്ന് ഇതു സൂചിപ്പിക്കുന്നു. ഭൗമികമായ ഒരു ഭക്ഷണവും മന്നപോലെ വെളുത്തതല്ല. മന്ന ഏറ്റവും നിർമലമായ ഭക്ഷണമാണ്. നമ്മുടെ മന്നയായി നാം ക്രിസ്തുവിനെ എത്രയധികം ഭക്ഷിക്കുന്നുവോ, അത്രയുമധികം നാം വെണ്മയുള്ളവരാകുന്നു. നാം കഴുകപ്പെടുകയും നിർമലീകരിക്കപ്പെടുകയും

മാത്രമല്ല, നാം വെണ്മയുള്ളവരാക്കപ്പെടുകയും ചെയ്യുന്നു. വെണ്മയുള്ളവരായിരിക്കുകയെന്നാൽ ഒട്ടും കറയില്ലാത്തവരായിരിക്കുക എന്നാണ് അർഥമാക്കുന്നത്. നാം ക്രിസ്തുവിനെ ഭക്ഷിക്കുമ്പോൾ, നമ്മുടെ സകല കറകളും ഇല്ലാതാക്കപ്പെടുന്നു. ചില കാര്യങ്ങളിൽ നാം നല്ലവരായിരുന്നാലും നാം വെണ്മയുള്ളവരല്ല. നാം സ്നേഹിക്കുന്നവരായിരുന്നാലും, നമ്മുടെ സ്നേഹം വെളുത്തതല്ല; അത് നിറമുള്ളതാണ്. നമ്മുടെ താഴ്മയും നിറമുള്ളതാണ്. വാസ്തവത്തിൽ നമ്മുടെ മാനുഷിക നന്മകളിലൊന്നും വെളുത്തതല്ല; അവ ഓരോന്നും നിറമുള്ളതാണ്. എന്നാൽ നമ്മുടെ ജീവസഹായമായി നാം ക്രിസ്തുവിനെ എത്രയധികം എടുക്കുന്നുവോ, അത്രയുമധികം നമ്മുടെ നിറം കുറയുകയും നാം വെണ്മയുള്ളവരായിത്തീരുകയും ചെയ്യുന്നു.

ചൈനക്കാരുടെ ശ്രേഷ്ഠമായ ഒരു ഭക്ഷണം കടൽ വെള്ളരിയാണ്. എന്നാൽ അതിന്റെ നിറം കറുപ്പായതുകൊണ്ട് അമേരിക്കയിലെ സഹോദരന്മാർ അത് ഭക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. അത് ഭക്ഷിക്കുവാൻ ഞാൻ എന്നാലാവോളം അവരെ ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും, അതിന്റെ കറുപ്പു നിറം കാരണം അത് ഭക്ഷിക്കുവാൻ അവർക്കെല്ലാം ഭയമാണ്. മന്ന, അതിനു വിരുദ്ധമായി, വെളുത്തതും ആരെയും ഭയപ്പെടുത്താത്തതുമാണ്. അത് നമുക്ക് സമാധാനാനുഭൂതി നല്കുകയും ചെയ്യുന്നു.

## അപ്പമായും, ദോശകളായും, വടകളായും തിന്നുന്നു

മന്ന അപ്പമായും (പുറ. 16:15), ദോശകളായും (സംഖ്യ. 11:8), വടകളായും (പുറ. 16:31) തിന്നുന്നു. നമ്മുടെ മന്നയെന്ന നിലയിൽ ക്രിസ്തു വ്യത്യസ്ത വശങ്ങളുള്ളവനും, വ്യത്യസ്ത രീതികളിൽ നമ്മെ പോഷിപ്പിക്കുന്നവനും ആകുന്നു. നമ്മുടെ മന്നയായി നാം അവനെ ഭക്ഷിക്കുമ്പോൾ, ചിലപ്പോൾ അവൻ അപ്പംപോലെ രുചിയുള്ളവനും, മറ്റു സമയങ്ങളിൽ ഒരു ദോശ പോലെയോ, തിന്നുവാനും ദഹിക്കുവാനും എളുപ്പമുള്ള ഒരു വട പോലെയോ രുചിയുള്ളവനും ആകുന്നു.

## കൊത്തമ്പാലരി പോലെ

മന്ന കൊത്തമ്പാലരി പോലെയും ആയിരുന്നു (പുറ. 16:31; സംഖ്യ. 11:7). ഈ ഭക്ഷണം ഒരു വിത്താണ്. നാം ക്രിസ്തുവിനെ ഭക്ഷിക്കുമ്പോൾ അവൻ നമ്മിലേക്ക് ഒരു വിത്തായി വരുന്നു. കൊത്തമ്പാലരി ചോളംപോലെയല്ല, വളരെ ചെറുതാണ്. ഒരു വിത്ത് നമ്മുടെ ആളത്തത്തിലേക്ക് ജീവമൂലകം കൊണ്ടുവരുന്ന ജീവനുള്ള ഒന്നാണ്. അങ്ങനെയുള്ള ഒരു വിത്തെന്ന നിലയിൽ ക്രിസ്തു നമ്മുടെ ഉള്ളിൽ വളരും.

## തേനിന്റെ രുചിയോടുകൂടിയത്

മന്നയുടെ രുചി തേൻ ചേർത്തുണ്ടാക്കിയ വടകൾപോലെയായിരുന്നുവെന്ന് പുറപ്പാട് 16:31 നമ്മോടു പറയുന്നു. തേൻ മധുരമുള്ളതും, ജന്തുജീവനും സസ്യജീവനുമെന്ന രണ്ടു ജീവന്റെ ഉല്പന്നവും ആണ്. ഈ രണ്ടു ജീവൻ ഇഴുകിച്ചേർന്നതാണ് തേൻ. തേൻ ഉളവാക്കുന്ന തേനീച്ചകൾക്ക് സസ്യജീവനായ പൂക്കളിൽനിന്നും സഹായം ലഭിക്കുന്നു. നമ്മുടെ മന്നയെന്ന നിലയിൽ, ക്രിസ്തുവിന് സസ്യജീവനോടുകൂടെ ജന്തുജീവൻ ഇഴുകിച്ചേരുന്നതിന്റെ ഈ മൂലകമുണ്ട്, അത് നമ്മുടെ മധുരകരമായ പോഷണമായിത്തീരുന്നു.

## പുതുമയുള്ള എണ്ണയുടെ രുചി പോലെ

മന്നയെക്കുറിച്ച് "അതിന്റെ രുചി എണ്ണ ചേർത്തുണ്ടാക്കിയ ദോശപോലെ ആയിരുന്നു" എന്ന് സംഖ്യ. 11:8 പറയുന്നു. എണ്ണ പരിശുദ്ധാത്മാവിനെ മുൻകുറിക്കുന്നു. നമ്മുടെ മന്നയായി നാം ക്രിസ്തുവിനെ ഭക്ഷിക്കുമ്പോൾ, നാം ദൈവാത്മാവിനെ രുചിക്കുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന എണ്ണ പുതുമയുള്ള എണ്ണയാണ്. മന്നയായ ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ നാം രുചിക്കുന്ന ആത്മാവ് എപ്പോഴും പുതുമയുള്ളതാണ്. നമ്മുടെ മന്ന എന്ന നിലയിൽ ക്രിസ്തു പുതുമയുള്ള എണ്ണപോലെ രുചിയുള്ളവനും, തേനിന്റെ സ്വാദും പോഷണവും ഉള്ളവനും ആണ്.

## ഗുൽഗുലുവിന്റെ കാഴ്ചയുള്ളത്

യഥാർഥ എബ്രായഭാഷയനുസരിച്ച്, സംഖ്യ. 11:7 പറയുന്നു, "മന്ന കൊത്തമ്പാലരി പോലെയും, അതിന്റെ കണ്ണ് ഗുൽഗുലുവിന്റെ കണ്ണുപോലെയും ആയിരുന്നു." ഈ വാക്യത്തെ ശരിയായി വിവർത്തനം ചെയ്യുന്നത് പ്രയാസമാണ്. കിംഗ് ജയിംസ് ഭഷ്യം പറയുന്നത് അതിന്റെ നിറം ഗുൽഗുലുവിന്റെ നിറംപോലെയായിരുന്നു എന്നാണ്. ഗുൽഗുലു ഒരു വൃക്ഷത്തിൽ നിന്നുള്ള മരപ്പശയിൽനിന്നുമാണ് ഉളവാകുന്നത്, അതിന് ഒരു മുത്തുച്ചിപ്പിയാൽ ഉളവാകുന്ന മുത്തിനോട് വളരെ സാമ്യമുണ്ട്. മന്നയുടെ നിറം ഗുൽഗുലുവിന്റെ നിറമാണ്. മറ്റു ഭാഷ്യങ്ങൾ നിറം എന്നതിനുപകരം കാഴ്ച (appearance) എന്ന പദം ഉപയോഗിക്കുന്നു. എന്നാൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന എബ്രായപദം കണ്ണാണ്. മന്നയ്ക്ക് ഒരു കണ്ണുണ്ട്, കാരണം അത് കാഴ്ചയിൽ ഒരു കണ്ണു പോലെയാണ്. ഒരു മുത്ത് ഏതാണ്ട് ഒരു കണ്ണിനോട് ഒത്തിരിക്കുന്നു. നിങ്ങൾ ഒരു മുത്തിനെ പരിശോധിച്ചാൽ, അത് ഒരു കൺമിഴി പോലെയാണെന്ന് നിങ്ങൾ കാണും. ഒരു കൺമിഴി ഒരു മുത്തുപോലെയാണ്, ഈ

കാഴ്ച അതിന്റെ നിറമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഗുൽഗുലുവിന്റെ കാഴ്ചയും നിറവും ഒരു കണ്ണുപോലെയാണ്.

നാം മന്ന ഭക്ഷിക്കുമ്പോൾ, നിരവധി കണ്ണുകൾ ഭക്ഷിക്കുകയും, ഈ എല്ലാ കണ്ണുകളും നമ്മിലേക്കു കടക്കുകയും ചെയ്യുന്നു. മന്നയെപ്പോലെ, ക്രിസ്തു ഒരു കണ്ണിനോട് ഒത്തിരിക്കുന്നു. ക്രിസ്തുവിനെ നാം ഭക്ഷിക്കുന്തോറും, അത്രയും കണ്ണുകളും നമുക്കുണ്ടാകും. വെളിപ്പാട് 4:6-ലെ നാലു ജീവികൾക്ക് "മുന്നിലും പിന്നിലും കണ്ണുകൾ നിറഞ്ഞിരിക്കുന്നു." മുന്നിലും പിന്നിലും ഉള്ളിലും വെളിയിലും അവ കണ്ണുകൾകൊണ്ടു നിറഞ്ഞതാണ്. നിങ്ങൾ ഒരു പർണ്ണശാലയിലേക്ക് (greenhouse) പോകുന്നുവെങ്കിൽ അതിന്റെ ചുമരൊന്നും അതാര്യമല്ലെന്നു നിങ്ങൾ കാണും; എല്ലാ വശവും സുതാര്യമാണ്. ഒരു കണ്ണ് സുതാര്യതയാണ് അർഥമാക്കുന്നത്. സുതാര്യമായ നമ്മുടെ കണ്ണുകൾ കൂടാതെ, നമ്മുടെ മുഴുവൻ ശരീരവും അതാര്യമാണ്. നമുക്ക് ക്രിസ്തു ഇല്ലെങ്കിൽ, കണ്ണുകളില്ല, നാം പൂർണമായും അതാര്യരാണ്. നാം രക്ഷിക്കപ്പെട്ടപ്പോൾ, നാം സുതാര്യരായിരിക്കുവാൻ തുടങ്ങി. ഇനി നാം ക്രിസ്തുവിനെ എത്രയധികം ആസ്വദിക്കുന്നുവോ, അത്രയുമധികം സുതാര്യരായിത്തീരുന്നു. ക്രിസ്തുവിനെ വാസ്തവമായി ആസ്വദിക്കുന്ന ഒരു സഹോദരനോടുകൂടെ നാം ആയിരിക്കുമ്പോൾ, അവൻ സുതാര്യനാണെന്ന് നമുക്ക് ഗ്രഹിക്കുവാൻ കഴിയും. അവന്റെ മുമ്പിൽ നിൽക്കുന്നത് സുതാര്യമായ ഒരു പർണ്ണശാലയിൽ നിൽക്കുന്നതുപോലെയാണ്. എന്നാൽ കർത്താവിന്റെ ആസ്വാദനമില്ലാത്ത ഒരുവൻ മൊത്തത്തിൽ അതാര്യനാണ്. ഇങ്ങനെയുള്ള നാലു വ്യക്തികളോടുകൂടെ നിങ്ങൾ നിൽക്കുകയാണെങ്കിൽ, അതാര്യമായ ചുമരുകളാൽ ചുറ്റപ്പെട്ട ഒരു തുറുങ്കിൽ നിൽക്കുന്നതുപോലെ തോന്നും. എന്നാൽ കർത്താവിനെ സ്നേഹിക്കുകയും അവനെ ഭക്ഷിക്കുകയും ചെയ്യുന്ന നിരവധി സഹോദരന്മാരാൽ നിങ്ങൾ ചുറ്റപ്പെട്ടിരിക്കുന്നുവെങ്കിൽ സകലവും സുതാര്യമാണെന്ന അനുഭൂതി നിങ്ങൾക്ക് ഉണ്ടാകും. മന്നയെന്ന നിലയിൽ ക്രിസ്തു സുതാര്യനാണ്. നാം അവനെ ഭക്ഷിക്കുമ്പോൾ നാം കൺമിഴിയെ ഭക്ഷിക്കുകയും നാം സുതാര്യരായിത്തീരുകയും ചെയ്യുന്നു.

ഈ സുതാര്യത ഒടുവിൽ നമ്മുടെ കാഴ്ചയായിത്തീരും. കൺമിഴിയായി അവനെ ഭക്ഷിച്ചുകൊണ്ട് ക്രിസ്തുവിനെ ദിനന്തോറും നാം ആസ്വദിക്കുന്നുവെങ്കിൽ, നമുക്ക് ക്രിസ്തുവിന്റെ കാഴ്ച, കൺമിഴിയുടെ കാഴ്ച ഉണ്ടായിരിക്കുകയും, ഈ കാഴ്ച നമ്മുടെ നിറമായിത്തീരുകയും ചെയ്യും. ക്രിസ്തുവിനെ ഭക്ഷിക്കുന്നതിലൂടെ നാം ക്രിസ്തുവിന്റെ സുതാര്യതയുടെ നിറമുള്ളവരാകുന്നു. ഈ രീതിയിൽ സുതാര്യത നമ്മുടെ കാഴ്ചയും നിറവുമായിത്തീരുന്നു.

## നിയമാനുസ്യതമല്ല

അവസാനമായി, മന്നയെന്ന നിലയിൽ ക്രിസ്തു നിയമാനസ്യതനല്ല. സംഖ്യ. 11:8 പറയുന്നു, "ജനം നടന്നു പെറുക്കി തിരികല്ലിൽ പൊടിച്ചിട്ടോ ഉരലിൽ ഇടിച്ചിട്ടോ കലത്തിൽ പുഴുങ്ങിയോ അപ്പം ഉണ്ടാക്കും." ക്രിസ്തുവിനെ പൊടിക്കുവാനോ, ഒരു ഉരലിൽ ഇടിക്കുവാനോ, കലത്തിൽ പുഴുങ്ങുവാനോ കഴിയും. അവൻ നിയമാനുസ്യതനല്ല. എന്നാൽ ഏകദേശം എല്ലാ ക്രിസ്ത്യാനികളും നിയമാനുസ്യതരാണ്. ഒരു പ്രത്യേക രീതിയിൽ നിങ്ങൾ ക്രിസ്തുവിനെ അനുഭവിക്കുന്നുവെങ്കിൽ, അതിനെ നാം ഒരു നിയമാനസ്യത രീതിയാക്കുന്നു. എന്നാൽ ക്രിസ്തു പറയും, "നിനക്ക്, ഞാൻ പൊടിക്കപ്പെട്ടവനാണ്. എന്നാൽ മറ്റുള്ളവർ എന്നെ ഇടിക്കുവാൻ ആഗ്രഹിക്കുന്നു. ഈ രീതിയിൽ ഞാൻ ഇടിക്കപ്പെടുമ്പോൾ എനിക്ക് അത് വളരെ നല്ലതായി അനുഭവപ്പെടുന്നു. ഇനിയും ചിലർ എന്നെ പുഴുങ്ങുകയും എന്നെ ഒരു അടുപ്പിൽ വയ്ക്കുകയും ചെയ്യുന്നു. ഇതിലും എനിക്ക് അത് വളരെ നല്ലതായി അനുഭവപ്പെടുന്നു. എന്തുകൊണ്ടാണ് നീ ഇത്ര ഇടുങ്ങിയവനും നിയമാനുസ്യതനും ആയിരിക്കുന്നത്?"

മന്നയെ സംബന്ധിച്ച് വേദപുസ്തകത്തിൽ എത്ര മനോഹരമായ വിവരണമാണ് നാം കാണുന്നത്. അതെന്താണെന്ന് നമ്മോടു ചോദിച്ചാൽ, അതു മന്നയാണെന്നു മാത്രം നാം പറയണം. അത് കുളിരോടുകൂടെ വരുകയും നിലത്തിലെ മഞ്ഞുപോലെയും ആണ്. അത് ചെറുതും, വട്ടത്തിലുള്ളതും, വെളുത്തതും, കൊത്തമ്പാലരി പോലെയും ആണ്. അതിനെ അപ്പമായും, ദോശയായും, വടയായും തിന്നുവാൻ കഴിയും; അതിന് തേനിന്റെയും പുതുമയുള്ള എണ്ണയുടെയും രുചിയും, അത് കാഴ്ച്ചയ്ക്ക് ഒരു കൺമിഴിപോലെയും ആണ്. നാം പുറപ്പാട് 16-ഉം സംഖ്യ. 11-ഉം നിരവധി പ്രാവശ്യം വായിച്ചിട്ടുണ്ടെങ്കിലും, മന്നയെക്കുറിച്ചുള്ള ഈ എല്ലാ വശങ്ങളും നാം ശ്രദ്ധിച്ചിട്ടുണ്ടാവില്ല. സുതാര്യമായ കാഴ്ച നമുക്കുണ്ടായിരിക്കേണ്ടതിന് നാം കൂടുതൽ കൺമിഴികൾ ഭക്ഷിക്കേണ്ടത് ആവശ്യമാണ്.